## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.637 — 28/02/2017-ൽ മറുപടിക്ക്

## ആലംകോട് പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.സത്യൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഉപഭോക്താക്കളുടെയും പ്രദേശത്തിന്റെയും വൈപുല്യം പരിഗണിച്ച് ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് പരിധിയിൽ ആലംകോട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുമോ; അടിസ്ഥാന സൗകര്യം ലഭ്യമാക്കാമെന്ന നഗരസഭയുടെ അറിയിപ്പ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ആറ്റിങ്ങൽ സെക്ഷൻ വിഭജിച്ച് കല്ലമ്പലം, വക്കം, കടയ്ക്കാവൂർ, നഗരൂർ എന്നീ സെക്ഷനുകളിൽപെടുന്ന കുറച്ച് ഉപഭോക്താക്കളെ കൂടി ഉൾപ്പെടുത്തി നിലവിലുള്ള ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ് ആലംകോട് ഓവർസിയർ ഓഫീസ് പ്രവൃത്തിക്കുന്നത്. സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനാവശ്യമായ അധിക സ്ഥല സൗകര്യം പ്രസ്തുത കെട്ടിടത്തിൽ തന്നെ വാടകയ്ക്ക് ലഭ്യമാക്കാമെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20,000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള ടി മാനദണ്ഡങ്ങൾ |

(.....2)

| | | | |
|---|---|---|---|
| | | | മേൽപറഞ്ഞ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് നിലവിലുള്ള ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണന യിലില്ല. |
| (ബി) | ആറ്റിങ്ങൽ അവനവഞ്ചേരിയിലെ സബ് സ്റ്റേഷന്റെ ആധുനികവൽക്കരണം ഏതു ഘട്ടത്തിലാണ്; ആയതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ ; | (ബി) | അവനവഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ 110 കെ.വി സബ് സ്റ്റേഷന്റെ ആധുനികവൽക്കരണ വുമായി ബന്ധപ്പെട്ട പ്രവൃത്തി കളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. |
| (സി) | ചരിത്ര നഗരങ്ങളുടെ വൈദ്യുതീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ നഗരസഭയിൽ വൈദ്യുതീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ ; | (സി) | RAPDRP പദ്ധതിയിൽപ്പെടുത്തി ആറ്റിങ്ങൽ തിരുവാറാട്ട് ക്ഷേത്രം, ആറ്റിങ്ങൽ കൊട്ടാരം എന്നിവിടങ്ങളിൽ വകയിരുത്തിയ 176.7 ലക്ഷം രൂപ ചിലവഴിച്ച് പ്രവൃത്തികൾ ചെയ്തു. |
| (ഡി) | ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ എണ്ണം 14260 ആണ്. ഇതിൽ 10851 കണക്ഷനുകൾ (76%) നാളിതുവരെ നല്കിയിട്ടുണ്ട്. കഴക്കൂട്ടം മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി പ്രഖ്യാപിച്ചു കഴിഞ്ഞു. മറ്റ് മണ്ഡലങ്ങളിലെ വൈദ്യുതീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (ഇ) | ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്.ഇ.ബി.യും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഇ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ആദ്യപടിയായി ഇനിയും വൈദ്യുതി എത്താത്ത വീടുകൾ കണ്ടെത്തേണ്ടതുണ്ടായിരുന്നു; ഇതിനു കെ.എസ്.ഇ.ബി.എൽ ഉം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജനപ്രതിനിധികൾ ഉൾപ്പെടുന്ന വിവിധ കമ്മിറ്റികൾക്ക് ആയിരുന്നു ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്റെ ചുമതല. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ പതിനാലായിരത്തില്പരം ഗുണഭോക്താക്കൾ 23.02.2017വരെ |

(...3)

രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് ബോർഡ് ഉദ്യോഗസ്ഥർ എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ആയതിനുള്ള ഫണ്ടുകൾ കണ്ടെത്തുവാനും ശ്രമങ്ങൾ തുടങ്ങി. ശേഷം ബോർഡിന്റെ ചുമതലയിൽ വൈദ്യുതി വിതരണ ശൃംഖല വിപുലീകരിക്കുന്ന പണി ഏറ്റെടുത്തു പൂർത്തിയാക്കിയും, വയറിംഗ് പൂർത്തീകരിച്ച വീടുകൾക്ക് കണക്ഷൻ നൽകിയും വരുന്നു.

വീടിന്റെ വയറിംഗ് പൂർത്തിയാക്കാൻ സാമ്പത്തികമായി പ്രാപ്തിയില്ലാത്തവർക്ക് ആയതിനുള്ള സാമ്പത്തിക സഹായം ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്,പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, വിവിധ സന്നദ്ധ സംഘടനകൾ/വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയുമായും ബോർഡ് ബന്ധപ്പെടുന്നുണ്ട്. വയറിംഗിനുള്ള സാമ്പത്തിക സഹായം നൽകുന്നതിൽ ബോർഡിലെ ജീവനക്കാർ, സംഘടനകൾ എന്നിവരും പങ്കു ചേരുന്നുണ്ട്.

സമ്പൂർണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അനുവദിച്ചുകൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള വയറിംഗ് ഗ്രാൻഡ് 5,000/- രൂപ ആക്കി ഉയർത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്;

കേന്ദ്ര പദ്ധതിയായ DDUGJY നിലവിലുള്ള പ്രദേശങ്ങളിൽ വിതരണ ശൃംഖല വിപുലീകരിക്കുന്നതിനും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്നതാണ്.

[signature]

സെക്ഷൻ ഓഫീസർ